# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 790 27/04/2017-ൽ മറുപടിയ്ക്ക്

### മദ്യവില്പന ശാലകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ഇ.കെ.വിജയൻ<br>,, ഇ.ടി.ടൈസൺ മാസ്റ്റർ<br>,,എൽദോ എബ്രഹാം | | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ മന്ത്രി) | |
| (എ) | ദേശീയ-സംസ്ഥാന പാതയോരത്ത് നിന്ന് മദ്യ വില്പന ശാലകൾ 500 മീറ്റർ മാറ്റി സ്ഥാപിക്കണമെന്ന ബഹു.സുപ്രീം കോടതി വിധി സംസ്ഥാനത്തെ മദ്യ വില്പനയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കോടതി വിധിമൂലം ബിവറേജസ് കോർപ്പറേഷന് പ്രതിവർഷം ഏകദേശം 2000 കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. മദ്യവില്പനകേന്ദ്രങ്ങൾ അടച്ച് പൂട്ടിയത് മൂലം തുറന്നിരിക്കുന്ന ഷോപ്പുകളിൽ ഉപഭോക്താക്കളുടെ അനിയന്ത്രിതമായ തിരക്ക് അനുഭവപ്പെടുന്നുണ്ട്. |
| (ബി) | എത്ര മദ്യ വില്പന ശാലകളാണ് തന്മൂലം മാറ്റി സ്ഥാപിക്കേണ്ടി വന്നതെന്നും എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | കോടതിയുത്തരവിനെ തുടർന്ന് ബിവറേജസ് കോർപ്പറേഷന്റെ 179 ചില്ലറ വിൽപ്പനശാലകൾ അടച്ചുപൂട്ടിയതിൽ 55 എണ്ണം മാത്രമെ വീണ്ടും തുറക്കാൻ സാധിച്ചിട്ടുള്ളു. കൺസ്യൂമർഫെഡിന്റെ 28 വിദേശമദ്യവിൽപ്പനശാലകളും 2 ബിയർ ഷോപ്പുകളുമാണ് അടച്ചുപൂട്ടിയത്. അതിൽ 23 വിദേശമദ്യവിൽപ്പനശാലകളും ഒരു ബിയർ പാർലറും തുറന്ന് പ്രവർത്തിപ്പിക്കുന്നുണ്ട്. |
| (സി) | എന്തൊക്കെ തടസ്സങ്ങളാണ് ഇക്കാര്യത്തിൽ സർക്കാർ നേരിടുന്നതെന്നും ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ | (സി) | അബ്കാരി ആക്ട്, അബ്കാരി നിയമം എന്നിവയിലെ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് മദ്യവിൽപനശാലകൾ മാറ്റി സ്ഥാപിക്കുന്നതിന് ജനവാസം |

| | |
|---|---|
| മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ? | കുറഞ്ഞ സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം ലഭിക്കാത്തതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡി ആന്റ് ഒ ലൈസൻസ് ലഭിക്കാത്തതും പ്രദേശവാസികളുടെ എതിർപ്പുയരുന്നതുമാണ് പ്രധാന പ്രശ്നങ്ങൾ. പരാതികൾക്ക് പരിഹാരം കണ്ടെത്തിയും ജനപ്രതിനിധികളടക്കമുള്ളവരുമായി ചർച്ചചെയ്ത് ഔട്ട് ലറ്റുകൾ പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തിയും പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ